<u>പതിനാലാം കേരള നിയമസഭ</u>
<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 848.                    28.02.2018 ൽ മറുപടിയ്ക്ക്

## ലഹരി-മയക്കമരുന്ന് ഉറവിടങ്ങൾ നശിപ്പിയ്ക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലഹരി-മയക്കമരുന്ന് ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓഫീസുകൾ ആധുനികവത്ക്കരിക്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(i) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളുടെ വനമേഖലകളിൽ ഉത്പാദിപ്പിക്കുന്ന കഞ്ചാവ് തമിഴ്നാടിന്റെ കേരള സംസ്ഥാന അതിർത്തി പ്രദേശത്ത് സംഭരിച്ച് ചെറിയ അളവിൽ റോഡ് മാർഗ്ഗവും കാൽനടയായും റെയിൽ മാർഗ്ഗവും കേരളത്തിലേക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ നേരിട്ട് കടത്തിക്കൊണ്ടുവരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായുള്ള ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള |

| | | | |
|---|---|---|---|
| | | | യോഗങ്ങൾ സംഘടിപ്പിച്ച് വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.<br>(ii) അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തി വരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന ജാഗ്രതയോടെ നടത്തി വരുന്നതുമാണ്. |
| (ബി) | സ്കൂളുകളുടെ സമീപ പ്രദേശങ്ങളിൽ മയക്കമരുന്ന് വില്പന വ്യാപകമാകുന്ന സാഹചര്യത്തിൽ, ഈ പ്രദേശങ്ങളിൽ പ്രത്യേക എക്സൈസ് സ്ക്വാഡുകൾ ആരംഭിച്ച് വിദ്യാത്ഥികളെ മയക്കമരുന്ന് ഉപയോഗത്തിൽ നിന്നും രക്ഷിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (ബി) | ലഹരി പദാർത്ഥങ്ങളുടെ വാഹകരായി വിദ്യാർത്ഥികളെ ഉപയോഗിക്കുന്നത് വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായി സർക്കാർ കാണുന്നു. ഇത്തരം അനാരോഗ്യ-സാമൂഹ്യ വിരുദ്ധ പ്രവണതകൾ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ തുടങ്ങുന്നതിനും വ്യാപകമാവുന്നതിനും എതിരെ ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നത്.<br>സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും, ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നു.<br>കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി വിവിധ ലഹരി വിരുദ്ധ പ്രവർത്തങ്ങൾ നടത്തി വരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതു മാണ്. |
| (സി) | മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുകൾ വിൽക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുവാൻ നിലവിലുള്ള നിയമവ്യവസ്ഥ മാറ്റി പുതിയ നിയമം പാസ്സാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | എൻ.ഡി.പി.എസ് ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കി.ഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യുതുമൂലം ഒരു കി.ഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തി നായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെ ടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ചെറിയ വിലയ്ക്ക് വാങ്ങുന്ന കഞ്ചാവ് ചെറിയ പൊതികളാക്കി പത്തിരട്ടി വരെ വിലയ്ക്ക് വിൽക്കുന്നതായി കണ്ടുവരുന്നുണ്ട്. ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് |

| | | | |
|---|---|---|---|
| | | | സഹായകരമാകുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമം കാലോചിതമായി പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെൻറിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ